**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6823** **21-03-2023 - ൽ മറുപടിയ്ക്ക്**

**കയ്യൂർ ചീമേനി പഞ്ചായത്തിലെ പട്ടയം അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി, തിമിരി, കയ്യൂർ വില്ലേജുകളിലായി പട്ടയത്തിന് വേണ്ടി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അപേക്ഷ ലഭിച്ചിട്ട് എത്ര വർഷങ്ങളായി എന്നും വ്യക്തമാക്കാമോ; | (എ) | കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി, തിമിരി, കയ്യൂർ വില്ലേജുകളിലായി പട്ടയത്തിന് വേണ്ടി ലഭിച്ച അപേക്ഷകളുടെയും നടപടി സ്വീകരിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ 2023 ഫെബ്രുവരി 1-ലെ കണക്കുകൾ പ്രകാരം കാസർഗോഡ് ലാൻഡ് ട്രൈബ്യൂണലിൽ 1236 കേസുകളും ദേവസ്വം ലാൻഡ് ട്രൈബ്യൂണലിൽ 162 കേസുകളും ആണ് ഇനി തീർപ്പാക്കാനായി ബാക്കിയുള്ളത്. |
| (ബി) | പട്ടയം ഇനിയും കിട്ടാത്ത പ്രസ്തുത അപേക്ഷകർക്ക് ഇത് ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | അപേക്ഷകരുടെ അർഹത പരിശോധിച്ച് പട്ടയ മിഷനിൽ ഉൾപ്പെടുത്തി പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കയ്യൂർ**

| വർഷം | ലഭ്യമായ അപേക്ഷകളുടെ എണ്ണം | നടപടി സ്വീകരിക്കാൻ ബാക്കി |
|---|---|---|
| 2019 | 9 | 1 |
| 2020 | 6 | 1 |
| 2021 | 5 | 2 |
| 2022 | 20 | 11 |

**ക്ലായിക്കോട് (തിമിരി)**

| വർഷം | ലഭ്യമായ അപേക്ഷകളുടെ എണ്ണം | നടപടി സ്വീകരിക്കാൻ ബാക്കി |
|---|---|---|
| 2019 | 1 | 1 |
| 2020 | 7 | 5 |
| 2021 | 6 | 4 |
| 2022 | 2 | 1 |

**ചീമേനി**

| വർഷം | ലഭ്യമായ അപേക്ഷകളുടെ എണ്ണം | നടപടി സ്വീകരിക്കാൻ ബാക്കി |
|---|---|---|
| 2019 | 1 | 1 |
| 2020 | 1 | 1 |
| 2021 | 3 | 3 |
| 2022 | 3 | 3 |